QP CODE: 24018809

24018809

Reg No : ..................

Name : ..................

**M A DEGREE (CSS) EXAMINATION , APRIL 2024**

**Second Semester**

M A MALAYALAM

**CORE - ML010201 - AADHUNIKA MALAYALA KAVITHA - ONNAAM GHATTAM**

2019 Admission Onwards

0102728D

Time: 3 Hours

Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. പച്ചമലയാള കാവ്യങ്ങളുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക.
2. " ദേഹം നിജമല്ല ദേഹിയൊരു വനീ
   ദേഹത്തിലുണ്ടറിഞ്ഞീടു പാമ്പേ "- ആശയം വിശദമാക്കുക
3. " വരുവാൻ പണി കൃത്യനിഷ്ഠയാൽ
   പെരുതാം ത്യാഗമിവണ്ണമാർക്കുമേ-പരാമർശം എന്ത്?
4. " നൂനം തവ പുരോഭൂവിൽസാധ്വിയാമെന്നമ്മയെ -
   യാനനാവഗുണ്ഠനം നീക്കി ഞാൻ നിർത്തിത്തരാം "-സൂചനയെന്ത് വിശദമാക്കുക
5. "ജീവിതം ഗാനം കാലം താള മാത്മാവിൻ നാനാ
   ഭാവമോരോരോ രാഗം വിശ്വമണ്ഡലം ലയം" - ഇവിടെ അവതരിപ്പിക്കുന്ന കാവ്യാനുഭവം എപ്രകാരമുള്ളതാണ്
6. "ഒരിടമണ്ണു പുതച്ചു കിടപ്പൂ
   വീടാക്കടമേ മമജന്മം "ആശയം വ്യക്തമാക്കുക (A)
7. " പാരിന്റെനന്മയ്ക്കത്രേ, പാഴ്‌വൻ പുകാട്ടാനല്ലീ-
   യാരണ്യപിതാക്കൾതന്നാത്മീയ ധനംകുഞ്ഞേ "- ആശയവും സന്ദർഭവും എഴുതുക
8. പ്രതികവിതയുടെ പ്രത്യേകതകൾ എന്തെല്ലാം?
9. "തൊഴിലില്ലിവിടെ, ത്തൊഴിലിക്കൂട്ട
   പ്പെരു മുറകേൾക്കാനാരുള്ളൂ"? ആശയം വ്യക്തമാക്കുക
10. പാലപൂത്തു എന്നകവിതയുടെ സാംസ്കാരികപ്രസക്തി എന്ത്

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. ശ്രീയേശുവിജയം മഹാകാവ്യത്തിന്റെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക

12. .മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും
മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചി -
ക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തുമേനി മുഴുവൻ
ചേറും പുരണ്ടിപ്പൊഴി
പ്പാടത്തൂന്നു വരുന്ന നിൻ വരവു
കണ്ടേറെക്കൊതിക്കുന്നു ഞാൻ - കാലഘട്ടത്തിന്റെയും കാവ്യ പ്രസ്ഥാനത്തിന്റെയും സവിശേഷതകളെ ഈ വരികൾ എത്രമാത്രംവിശദീകരിക്കുന്നുണ്ട്?

13. മലയാളകവിതയ്ക്ക് ആത്മീയ പരിവേഷം നൽകുന്നതിൽ ശ്രീനാരായണ ഗുരു, സഹോദരൻ അയ്യപ്പൻ എന്നിവർ നൽകിയ സംഭാവനകൾ വിലയിരുത്തുക

14. "ഹാ ചേർന്നു നില്പോൻ മല കാണുകില്ല!"-ഇങ്ങനെ കവി പറയാൻ കാരണമെന്ത്?

15. ആധുനിക കവിതകളുടെ പ്രമേയപരമായ സവിശേഷതകൾ വിവരിക്കുക

16. പാടം വൈലോപ്പിള്ളിയുടെ കവിതയിൽ പ്രധാനപ്പെട്ട രൂപകമായി പ്രത്യക്ഷപ്പെടുന്നത് എങ്ങനെയെല്ലാം

17. ദാമ്പത്യ പ്രേമകവിതയാണ് സുഫല - വിശദമാക്കുക

18. പ്രകൃതിയിലെ ഓരോഅണുവിനെയുംസുന്ദരമാക്കുന്നത് വളവുകളാണ് - വിശദമാക്കുക

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. പച്ച മലയാള പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ച കൃതിയെന്ന നിലയിൽ' നല്ലഭാഷ' ആ പ്രസ്ഥാനത്തിന്റെ സ്വഭാവസവിശേഷതകളെ എത്രമാത്രം പ്രതിനിധീകരിക്കുന്നുണ്ടെന്ന് തെളിയിക്കുക.

20. കെ.പി കറുപ്പന്റെ രചനാ പാടവം ജാതിക്കുമ്മിയെ മുൻനിർത്തി ഉപന്യസിക്കുക

21. ആശയത്തികവു കൊണ്ടും ശില്പചാരുത കൊണ്ടും പ്രസാദാത്മകമാണ് വള്ളത്തോൾ കവിത - വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക

22. ഭാവകവിതകളുടെചാരുതയും വികാരത്തുടിപ്പും സമഞ്ജസമായി മേളിച്ചുനിൽക്കുന്നതാണ് വള്ളത്തോൾ കവിതകൾ - വിമർശന ദൃഷ്ട്യാ പരിശോധിക്കുക

(2×5= 10 weightage)